"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള ഭൂമിയുടേയും, പുറമ്പോക്ക് ഭൂമിയുടേയും ഉടമസ്ഥത പഞ്ചായത്തിൽ നിലനിർത്തിക്കൊണ്ട് പുഴയോര നടപ്പാത, കുട്ടികളുടെ പാർക്ക് എന്നിവ നിർമ്മിക്കുന്നതിന് വിനോദ സഞ്ചാര വകുപ്പിന് കൈമാറുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ ( ആർ. സി ) വകുപ്പ്**

**സ.ഉ.(സാധാ) നം.1159/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 16/06/2020

---

പരാമർശം:- 1 ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 20.06.2019 ൽ നടന്ന സാധാരണ യോഗത്തിന്റെ 89/19(2-ാം നമ്പർ തീരുമാനം).

2 പഞ്ചായത്ത് ഡയറക്ടറുടെ 28.09.2019 ലെ PAN/10605/2019-C5(DP) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിൽ ഒളവിലം തീരദേശ റോഡിനോട് ചേർന്ന പ്രദേശത്ത് മയ്യഴി പുഴയുടെ ഭാഗത്ത് പുഴയോര നടപ്പാത, കുട്ടികളുടെ പാർക്ക് എന്നിവ നിർമ്മിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനത്തിനും ടൂറിസം പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സഹായകരമാവുമെന്ന ഉത്തമ വിശ്വാസത്തിൽ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിൽ നിലനിർത്തിക്കൊണ്ട് നടപ്പാത നിർമ്മിക്കുന്നതിന് ചൊക്ലി വില്ലേജിൽ ഒളവിലം ദേശത്ത് റീസർവ്വെ നമ്പർ 15 - ൽപ്പെട്ട 93.05 സെന്റ് സ്ഥലവും റീസർവ്വെ 17-ൽപ്പെട്ട 66.93 സെന്റ് സ്ഥലവും ഉൾപ്പെടെ 160.43 സെന്റ് പുഴ പുറമ്പോക്ക് ഭൂമിയും കുട്ടികളുടെ പാർക്ക് നിർമ്മിക്കുന്നതിന് റീസർവ്വെ നമ്പർ 32/3 - ൽപ്പെട്ട 6 സെന്റും റീസർവ്വെ 32/4 - ൽപ്പെട്ട 4.25 സെന്റ് സ്ഥലവും ഉൾപ്പെട്ട് 10.25 സെന്റ് സ്ഥലവും ചേർത്ത് ആകെ 170.68 സെന്റ് സ്ഥലം വിനോദ സഞ്ചാര വകുപ്പിന് കൈമാറുന്നതിന് പരാമർശം(1) പ്രകാരം ചൊക്ലി ഗ്രാമപഞ്ചായത്ത് യോഗം തീരുമാനമെടുക്കുകയും ആയതിനുള്ള സർക്കാർ അനുമതിയ്ക്കായി പരാമർശം(2)

പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ സമർപ്പിക്കുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനത്തിനും ടൂറിസം പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ചൊക്ലി ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ 170.68 സെന്റ് സ്ഥലം (പുഴയോര നടപ്പാത നിർമ്മിക്കുന്നതിനായി പഞ്ചായത്തിന്റെ കൈവശമുള്ള 160.43 സെന്റ് പുറമ്പോക്ക് ഭൂമിയും കുട്ടികളുടെ പാർക്ക് നിർമ്മിക്കുന്നതിനായി പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 10.25 സെന്റ് സ്ഥലവും ചേർത്ത്), ടൂറിസം പദ്ധതിയിൽ നിന്നുള്ള വരുമാനത്തിന്റെ നിശ്ചിത പങ്ക് ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കേണ്ടതാണ് എന്ന ഉപാധിയോടെ, ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിലനിർത്തിക്കൊണ്ട്, പദ്ധതി നടത്തിപ്പിനായി വിനോദ സഞ്ചാര വകുപ്പിന് കൈമാറുന്നതിന് ചൊക്ലി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടൂറിസം പദ്ധതിയിൽ നിന്നുള്ള വരുമാനം പങ്കിടുന്നത് സംബന്ധിച്ച് ഗ്രാമ പഞ്ചായത്തും ടൂറിസം വകുപ്പും തമ്മിൽ കരാറിൽ ഏർപ്പെടേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**നന്ദന ആർ പി**
**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ടൂറിസം ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, ചൊക്ലി ഗ്രാമപഞ്ചായത്ത്, കണ്ണൂർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്. 1. തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രിയുടെ പി.എസിന്

2. തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

3. തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി(അർബൻ) യുടെ പി.എ.യ്ക്ക്